യഥാ പ്രയാന്തി സംയാന്തി സ്രോതോവേഗേന വാലുകാ:
സംയൂജ്യന്തേ വിയുജ്യന്തേ തഥാ കാലേന ദേഹിന: (6–15–3)
വയം ച ത്വം ചയേ ചേമേ തുല്യകാലാശ്ചരാചരാ:
ജന്മ മൃത്യോർയഥാ പശ്ചാത് പ്രാങ്നൈവ മധുനാപി ഭോ: (6–15–5)
ഭൂതൈർഭൂതാനി ഭൂതേശ: സൃജത്യവതി ഹന്ത്യജ:
ആത്മസൃഷ്ടൈരസ്വതന്ത്രൈരനപേക്ഷാഽപി ബാലവത് (6–15–5)

ദു:ഖാകുലനായിരിക്കുന്ന രാജാവിനോട് അംഗിരമുനിയും നാരദനും ഇങ്ങിനെ പറഞ്ഞു: "രാജൻ, ആർക്കുവേണ്ടിയാണ് ദു:ഖിക്കുന്നത്? ഇവർ ജനിക്കുന്നതിനു മുൻപ് എന്തായിരുന്നു? കഴിഞ്ഞജന്മത്തിൽ നിങ്ങളുമായി എങ്ങിനെ ബന്ധപ്പെട്ടിരുന്നു? അടുത്ത ജന്മത്തിലെ ബന്ധമെന്തായിരിക്കും? മണൽത്തരികൾ കൂടിച്ചേരുകയും വേർപെടുകയും ചെയ്യുന്ന അരുവി പോലെ കാലത്തിൻെറ ഒഴുക്കിൽ കണ്ടു മുട്ടുകയും വേർപിരിയുകയും ചെയ്യുന്ന ബന്ധങ്ങളേയുള്ളൂ. ഞങ്ങളും നിങ്ങളും അവരും, ചരവും അചരവുമായ എല്ലാം, ജന്മത്തിനു മുൻപ് ഇങ്ങിനെ തന്നെയായിരുന്നില്ല. മരണശേഷവും ഇങ്ങിനെ നിലനിൽക്കുന്നില്ല. അതുകൊണ്ട് ഇപ്പോഴും അവ കാണപ്പെടുന്നതുപോലെതന്നെയല്ല നിലകൊള്ളുന്നത്. സ്വയം സൃഷ്ടിക്കാൻ കഴിവില്ലാത്തവരെക്കൊണ്ട് ഭഗവാൻ സൃഷ്ടി നടത്തിക്കുന്നു. എങ്കിലും ഇങ്ങിനെയെല്ലാം ചെയ്യണമെന്നുള്ള ഒരാഗ്രഹവും അവിടേക്ക് നിവർത്തിക്കുവാനില്ല. ശരീരത്തെപ്പറ്റിയും ശരീരത്തെ ബന്ധിപ്പിച്ചു നിർത്തിയ ജീവനെപ്പറ്റിയും ഉള്ള ഊഹാപോഹങ്ങളും ധാരണകളും അജ്ഞതയിൽ നിന്നുളവായതാണ്. അതൊന്നും ഉൺമയല്ല."

ഇങ്ങിനെയുള്ള നിർദ്ദേശങ്ങൾ കേട്ട് ബോധം വീണ്ടു കിട്ടിയ രാജാവ് ആഗതരാരെന്നന്വേഷിച്ചു. അംഗിര മഹർഷി പറഞ്ഞു. "നിങ്ങൾക്കു വേണ്ടി പുത്രഭാഗ്യത്തിനായി യാഗം നടത്തിയത് ഞാനാണ്. നിങ്ങളുടെ വിഷണ്ണാവസ്ഥ മനസ്സിലാക്കി നാരദനും ഞാനും ഇങ്ങോട്ടു പുറപ്പെട്ടു. നിങ്ങളെപ്പോലെ ഭഗവൽഭക്തനും പുണ്യചരിതനുമായ ഒരാൾക്ക് ചേർന്നതല്ല, ഈ ദു:ഖം. ആദ്യം കണ്ടപ്പോഴേ നിങ്ങൾക്ക് വിജ്ഞാനമുപദേശിച്ച് പുത്രഭാഗ്യത്തിനുള്ള ആഗ്രഹത്തിൽനിന്ന് പിന്മാറാൻ ഞാൻ പറയേണ്ടതായിരുന്നു. പക്ഷെ നിങ്ങൾ ഒരു മകനുവേണ്ടി വല്ലാതെ കൊതിച്ചിരുന്നുവല്ലോ. അങ്ങിനെയാവരം അപ്പോൾ നൽകിയെന്നേയുള്ളൂ. അതുകൊണ്ട് ക്ഷണനേരം കൊണ്ട് പുത്രനുണ്ടാവുന്നതിൻെറ അനുഭവം കിട്ടി, ദുരിതം അനുഭവിക്കുകയും ചെയ്തു. എല്ലാ ലൌകീകവസ്തുക്കളും ബന്ധങ്ങളും ദു:ഖമുളവാക്കുന്നവതന്നെയാണ്. ആകാശമേഘത്തിൽ കാണപ്പെടുന്ന കൊട്ടാരം പോലെ അസ്ഥിരവും അയാഥാർദ്ധ്യവുമാണവ. കഴിഞ്ഞ ജന്മങ്ങളിൽ നിന്നാർജ്ജിച്ച വാസനയാൽ മനുഷ്യൻ അവയെ ഉൺമയെന്ന് കരുതി വീണ്ടും കർമ്മങ്ങളിലേർപ്പെടുന്നു."

ഒരുവൻെറ ദു:ഖത്തിൻെറ കാരണം ശരീരബുദ്ധിയാണ്. ആത്മാവ് ശരീരമാണെന്നുള്ള തോന്നൽ. തികച്ചും ബുദ്ധിപൂർവ്വം ശുഷ്ക്കാന്തിയോടെയുള്ള ആത്മാന്വേഷണം മാത്രമേ ഈ മനോവ്യാധിക്കൊരു പോംവഴിയായുള്ളു.

ഈ സമയം രാജാവിൻെറ മോഹമെല്ലാം നീങ്ങി മന:സാന്നിദ്ധ്യം വീണ്ടെടുത്തിരുന്നു. നാരദൻ അദ്ദേഹത്തെ ഒരു ദിവ്യപ്രാർത്ഥന പഠിപ്പിച്ചു. "രാജാവേ, മരിച്ച കുട്ടിക്കുവേണ്ട അന്ത്യകർമ്മങ്ങൾ നടത്തിയാലും. ഈ ദിവ്യമന്ത്രം ഉരുവിട്ടുകൊണ്ട് ഏഴു ദിവസം പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ഈശ്വരദർശനം ലഭിക്കും. ദേവന്മാർപോലും മോഹവലയത്തിൽ നിന്നു രക്ഷനേടുന്നത് ആ ഭഗവാൻെറ പദകമലങ്ങളെ ആശ്രയിക്കുമ്പോൾ മാത്രമാണ്."